# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: ടിആർ1-004250/2014

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്
തിരുവനന്തപുരം, തീയതി : 19.10.2015

## മെമ്മോറാണ്ടം

വിഷയം :- 2014-ലെ കെ.എസ്.ആർ.ടി.സി (യാത്രക്കാർക്കുള്ള അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാ ടിക്കറ്റിന്മേലുള്ള സെസ്സ്) - ആക്ട് - പദ്ധതിക്ക് അംഗീകാരം നൽകി നടപ്പാക്കിയത് സംബന്ധിച്ച്:-

സൂചന :- 31.03.2015, 27.06.2015 എന്നീ തീയതികളിലെ മേൽ സൂചന മെമ്മോറാണ്ടങ്ങൾ.

2014-ലെ കെ.എസ്.ആർ.ടി.സി (യാത്രക്കാർക്കുള്ള അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാ ടിക്കറ്റിന്മേലുള്ള സെസ്സ്) - ആക്ട് - പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയതിന്റെ വെളിച്ചത്തിൽ 01.04.2015 മുതൽ 15 രൂപ മുതൽ മുകളിലോട്ടുള്ള യാത്രാടിക്കറ്റിനൊപ്പം സാമൂഹ്യ സുരക്ഷ സെസ്സും കെ.എസ്.ആർ.ടി.സി യാത്രക്കാരിൽ നിന്നും ഈടാക്കി വരികയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി ബസ്സിൽ യാത്ര ചെയ്യുന്ന മുഴുവൻ യാത്രക്കാർക്കും അപകട സമൂഹ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് കെ.എസ്.ആർ.ടി.സി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി ധാരണയിൽ എത്തിച്ചേർന്നിട്ടുമുണ്ട്. അപകട സമൂഹ ഇൻഷ്വറൻസ് ഏർപ്പെടുത്തിയതിനുശേഷം ചെറുതും വലുതുമായ ഒട്ടേറെ അപകടങ്ങൾ കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. എന്നാൽ അപകടത്തിൽപ്പെടുന്ന യാത്രക്കാർക്ക് യഥാസമയം ഈ ഇൻഷ്വറൻസിന്റെ പരിരക്ഷ ലഭ്യമാക്കുന്നതിന് ഭൂരിപക്ഷം യൂണിറ്റധികാരികളുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട് എന്നാണ് ഇതുവരെയുള്ള സംഭവങ്ങളിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളത്. അപകടവുമായി ബന്ധപ്പെട്ട് ആശുപത്രികളിൽ കെ.എസ്.ആർ.ടി.സി ചെലവഴിച്ച തുക പോലും യഥാസമയം ആവശ്യമായ രേഖകൾ ഇൻഷ്വറൻസ് കമ്പനിയിൽ ലഭ്യമാക്കി കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള നടപടികൾ പല യൂണിറ്റുകളിലും കൈക്കൊണ്ടതായി കാണുന്നുമില്ല. ആയതിനാൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ ചെറുതും വലുതുമായ അപകടത്തിൽ പെടുമ്പോൾ പരിക്ക് പറ്റുകയോ, മരണപ്പെടുകയോ ചെയ്യുന്നവരുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ചുവടെ പേര് പറയുന്ന ഇൻഷ്വറൻസ് ബ്രോക്കറെ അറിയിക്കുന്നതിന്

യൂണിറ്റധികാരികൾ യഥാസമയം നടപടികൾ കൈക്കൊള്ളേണ്ടതാണ്. അതോടൊപ്പം അപകടവുമായി ബന്ധപ്പെട്ട് ആശുപത്രികളിൽ യാത്രക്കാർക്ക് വേണ്ടി നടത്തിയിട്ടുള്ള ചികിത്സയുടെ ബില്ലുകൾ ഇൻഷ്വറൻസ് ബ്രോക്കർക്ക് കൈമാറി ടി ബിൽ തുക കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിലേക്ക് വരവ് വയ്ക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളേണ്ടതാണ്. യൂണിറ്റുകളിൽ നിലവിൽ ആക്സിഡന്റ് കൈകാര്യം ചെയ്ത് വരുന്ന സെക്ഷൻ അസിസ്റ്റന്റ് തന്നെ ഇൻഷ്വറൻസ് സെസ്സ് യാത്രക്കാർക്ക് ലഭ്യമാകുന്നത് സംബന്ധിച്ച എല്ലാ പ്രവർത്തികളും ചെയ്യേണ്ടതുമാണ്.

**ശബരിനാഥ് ജി.നായർ - 9995561911**
**ഡയറക്ടർ ആന്റ് പ്രിൻസിപ്പൽ ഓഫീസർ,**
**സെക്കുറസ് ഇൻഷ്വറൻസ് ബ്രോക്കേഴ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്,**
**തിരുവനന്തപുരം.**

for ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

എല്ലാ യൂണിറ്റധികാരികൾക്കും
എല്ലാ മേഖലാ അധികാരികൾക്കും
എല്ലാ സ്ക്വാഡ് യൂണിറ്റുകൾക്കും

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: ടിആർ1-004250/2014

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്
തിരുവനന്തപുരം, തീയതി : 31.03.2015

<u>മെമ്മോറാണ്ടം</u>

വിഷയം :- 2014-ലെ കെ.എസ്.ആർ.ടി.സി (യാത്രക്കാർക്കുള്ള അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാ ടിക്കറ്റിന്മേലുള്ള സെസ്സ്) - ആക്ട് - പദ്ധതിക്ക് അംഗീകാരം നൽകിയത് സംബന്ധിച്ച്:-

സൂചന :-
1) 01.01.2015-ലെ 21182/ഡി2/2014/നിയമം നമ്പർ സർക്കാർ വിജ്ഞാപനം
2) 18.03.2015-ലെ സ.ഉ.(സാധാ)140/2015/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്.
3) 30.03.2015-ലെ സ.ഉ.(സാധാ)171/2015/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്.
4) 30.03.2015-ലെ മേൽ സൂചന അസാധാരണ ഗസറ്റ് വിഞ്ജാപനം.
5) 31.03.2015-ലെ മേൽ സൂചന മെമ്മോറാണ്ടം.

മേൽ സൂചന (5) പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകളിൽ നടപ്പിലാക്കിയ സാമൂഹ്യ സുരക്ഷാ സെസ്സ് ജൻറം ബസ്സുകളിലും ബാധകമാക്കി ഇതിനാൽ ഉത്തരവാകുന്നു. ആയതിലേക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ജൻറം ബസ് സർവ്വീസ് നടത്തുന്ന ബന്ധപ്പെട്ട യൂണിറ്റധികാരികളെ ചുമതലപ്പെടുത്തുന്നു. ജൻറം സർവ്വീസുകളിലും ടി സാമൂഹ്യ സുരക്ഷാ സെസ്സ് 31.03.2015 അർദ്ധരാത്രി മുതൽ നടപ്പിൽ വരുത്തേണ്ടതുമാണ്.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

31/3/15

സ്പെഷ്യൽ ഓഫീസർ, ജൻറം സർവ്വീസസ് (എറണാകുളം യൂണിറ്റധികാരി മുഖാന്തിരം)
എല്ലാ യൂണിറ്റധികാരികൾക്കും
എല്ലാ മേഖലാ അധികാരികൾക്കും
എല്ലാ സ്ക്വാഡ് യൂണിറ്റുകൾക്കും

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: ടിആർ1-004250/2014

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്
തിരുവനന്തപുരം, തീയതി : 31.03.2015

## മെമ്മോറാണ്ടം

വിഷയം :- 2014-ലെ കെ.എസ്.ആർ.ടി.സി (യാത്രക്കാർക്കുള്ള അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാ ടിക്കറ്റിന്മേലുള്ള സെസ്സ്) - ആക്ട് - പദ്ധതിക്ക് അംഗീകാരം നൽകിയത് സംബന്ധിച്ച്:-

സൂചന :-
1) 01.01.2015-ലെ 21182/ഡി2/2014/നിയമം നമ്പർ സർക്കാർ വിജ്ഞാപനം
2) 18.03.2015-ലെ സ.ഉ.(സാധാ)140/2015/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്.
3) 30.03.2015-ലെ സ.ഉ.(സാധാ)171/2015/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്.
4) 30.03.2015-ലെ മേൽ സൂചന അസാധാരണ ഗസറ്റ് വിഞ്ജാപനം.

മേൽ സൂചന (1) വിജ്ഞാപനം പ്രകാരം 2014-ലെ കെ.എസ്.ആർ.ടി.സി (യാത്രക്കാർക്കുള്ള അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാ ടിക്കറ്റിന്മേലുള്ള സെസ്സ്) ആക്ടിന് സർക്കാർ അംഗീകാരം നൽകുകയുണ്ടായി. സൂചന (2) പ്രകാരം ആക്ടിലെ വകുപ്പ് 3 ഉപവകുപ്പ് 2 (എ) പ്രകാരം കോർപ്പറേഷന്റെ വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ് പദ്ധതിക്ക് സർക്കാർ ഉത്തരവായി. യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി ബസ്സിലെ യാത്രാവേളയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് സമൂഹ ഇൻഷ്വറൻസ് പരിരക്ഷക്ക് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി കരാർ (MOU) ഒപ്പ് വയ്ക്കുന്നതിന് സൂചന (3) പ്രകാരം അനുവാദം ലഭ്യമാകുകയുണ്ടായി. സൂചന (4) പ്രകാരം ടി അപകട സമൂഹ ഇൻഷ്വറൻസ് പദ്ധതി അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു.

മേൽ സൂചന ആക്ടിന്റെയും വിഞ്ജാപനങ്ങളുടെയും വെളിച്ചത്തിൽ യാത്രക്കാർക്കുള്ള അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ എന്നിവക്കായി കെ.എസ്.ആർ.ടി.സി ബസ്സുകളിലെ യാത്രക്കാരിൽ നിന്നും യാത്രാ ടിക്കറ്റിന്മേൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന രീതിയിൽ സെസ്സ് ഏർപ്പെടുത്തി പിരിച്ചെടുക്കുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

## പട്ടിക

| ക്രമ നമ്പർ | സ്ലാബ് | പിരിക്കുന്ന തുക |
|---|---|---|
| 1. | ₹ 14 വരെയുള്ള ടിക്കറ്റ് | സെസ്സ് ഇല്ല |
| 2. | ₹ 15 മുതൽ 24 വരെയുള്ള ടിക്കറ്റ് | 1 രൂപ |
| 3. | ₹ 25 മുതൽ 49 വരെയുള്ള ടിക്കറ്റ് | 2 രൂപ |
| 4. | ₹ 50 മുതൽ 74 വരെയുള്ള ടിക്കറ്റ് | 3 രൂപ |
| 5. | ₹ 75 മുതൽ 99 വരെയുള്ള ടിക്കറ്റ് | 4 രൂപ |
| 6. | ₹ 100 രൂപക്ക് മുകളിലുള്ള ടിക്കറ്റ് | 10 രൂപ |

മേൽ സൂചിപ്പിച്ച രീതിയിൽ 01.04.2015 മുതൽ (31.03.2015 അർദ്ധരാത്രി മുതൽ) യാത്രാടിക്കറ്റിന്മേലുള്ള സെസ്സ് തുക പിരിച്ചെടുക്കുന്നതിന് എല്ലാ യൂണിറ്റധികാരികളെയും ഇതിനാൽ ചുമതലപ്പെടുത്തുന്നു.

ഇപ്രകാരം പിരിച്ചെടുക്കുന്ന സെസ്സ് തുക എല്ലാ യൂണിറ്റധികാരികളും അതാത് ദിവസത്തെ കളക്ഷനോടൊപ്പം SBT Core Account-ൽ അടക്കേണ്ടതാണ്. Escrow Account-ൽ കളക്ഷൻ തുക അടക്കുന്ന യൂണിറ്റുകൾ സെസ്സ് തുക Escrow Account-ൽ അടക്കാതെ SBT Core Account ആയ 57012937594 എന്ന അക്കൗണ്ടിൽ അടക്കേണ്ടതാണ്. ഇപ്രകാരം അടക്കുന്ന സെസ്സ് തുക സംബന്ധിച്ച വിവരം Monthly Statement-ൽ പ്രത്യേകം കാണിക്കേണ്ടതുമാണ്.

സെസ്സ് തുക പിരിക്കുന്നതിലേക്കായുള്ള ടിക്കറ്റുകൾ ഇതിനകം ലഭ്യമാക്കാത്ത യൂണിറ്റധികാരികൾ അടിയന്തിരമായി ആയത് ലഭ്യമാക്കേണ്ടതാണ്. ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനിൽ (ETM) സെസ്സ് തുക പിരിക്കുന്നതിലേക്കായുള്ള ക്രമീകരണങ്ങൾ ഇ.ഡി.പി.സി, കോ-ഓർഡിനേറ്റർ കൈക്കൊള്ളേണ്ടതാണ്.

ഇത് സംബന്ധമായി ഏതെങ്കിലും വിധത്തിലുള്ള സംശയദൂരീകരണത്തിന് ചുവടെ പേര് പറയുന്ന ഓഫീസർമാരെ ബന്ധപ്പെടേണ്ടതാണ്.

| | |
|---|---|
| ഇ.ഡി.പി.സി, കോ-ഓർഡിനേറ്റർ | - 9446572999 |
| ശ്രീ.സതീഷ്, സൂപ്രണ്ട്, ഇ.ഡി.പി.സി | - 9447496225 |
| കൺട്രോൾ റൂം | - 9447071021 |
| | 0471463799 |

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

എല്ലാ യൂണിറ്റധികാരികൾക്കും
എല്ലാ മേഖലാ അധികാരികൾക്കും
എല്ലാ സ്ക്വാഡ് യൂണിറ്റുകൾക്കും
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും വിഭാഗങ്ങൾക്കും

31/3/15

31/3/15